**കേരള സർക്കാർ**
**കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (പൊതുമരാമത്ത് വകുപ്പ്)**

# പുനർ ക്വട്ടേഷൻ/പുനർ ലേലപരസ്യം(2)

ലേലപരസ്യനമ്പർ 5/EE/KSTP/2021-22 തീയതി : 23.02.2022

പൊതുമരാമത്ത് വകുപ്പ് - മൂവാറ്റുപുഴ കെ.എസ്.ടി.പി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പരസ്യപ്പെടുത്തുന്നത് താഴെ പറയുന്ന ഇനങ്ങൾ പൊതുമരാമത്ത് വകുപ്പ് മൂവാറ്റുപുഴ കെ.എസ്.ടി.പി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ താഴെ പറയുന്ന ദിവസങ്ങളിൽ താഴെ പറയുന്ന സ്ഥലത്തുവെച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

| ക്രമനമ്പർ | ഇനവിവരം | ലേലസ്ഥലം | ലേലത്തീയതിയും സമയവും | നിരതദ്രവ്യം |
|---|---|---|---|---|
| | **<u>പുനർലേലം</u>**<br>കക്കടാശ്ശേരി - കാളിയാർ റോഡിൽ ഇരുവശവും നിൽക്കുന്ന 33 മരങ്ങൾ<br>തെങ്ങ് - 3<br>വട്ട - 1<br>ഏഴിലംപാല - 2<br>മട്ടി - 1<br>ബദാം- 5<br>മാവ് - 8<br>വാളൻപുളി - 2<br>മഹാഗണി - 1<br>ആഞ്ഞിലി - 1<br>പരുത്തി -1<br>മഞ്ഞക്കൊന്ന - 1<br>പഞ്ഞിമരം - 1<br>ഞാവൽ - 1<br>മഴമരം - 4<br>പ്ലാവ് - 1<br>ആകെ 33 മരങ്ങൾ | **കെ.എസ്.ടി.പി ഡിവിഷൻ ഓഫീസ്, മൂവാറ്റുപുഴ** | **02.03.2022 രാവിലെ 11.00 മണി** | **2700 രൂപ** |

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസമയത്തിനു മുൻപായി മുകളിൽ കാണിച്ചിരിക്കുന്ന നിരക്കിലുള്ള നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്.
2. ടി ആവശ്യത്തിലേക്കായി മുദ്ര വെച്ച ക്വട്ടേഷനുകളും സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷനുകൾക്ക് പ്രത്യേക ഫോറം ഉണ്ടായിരിക്കുന്നതല്ല. മുദ്ര വെച്ച ക്വട്ടേഷനുകൾ ലേലത്തിന്റെ തലേ ദിവസം വൈകുന്നേരം 4.30 വരെ മൂവാറ്റുപുഴ കെ.എസ്.ടി.പി. ഡിവിഷൻ ആഫീസിൽ സ്വീകരിക്കുന്നതാണ്.
3. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായ തുകയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽനിന്നും മൂവാറ്റുപുഴ കെ.എസ്.ടി.പി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങി ഉള്ളടക്കം ചെയ്യേണ്ടതാണ്. കൂടാതെ ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ കാർഡ്, ജി.എസ്.ടി, പാൻ രജിസ്ട്രേഷൻ ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
4. ക്വട്ടേഷൻ സമർപ്പിച്ചവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ക്വട്ടേഷൻ സമർപ്പിച്ച വ്യക്തിയോ ആ വ്യക്തി ചുമതലപ്പെടുത്തുന്ന ആളോ ലേലസമയത്ത് ഹാജരാകേണ്ടതാണ്. ലേലത്തിനു ശേഷം ക്വട്ടേഷൻ തുറക്കുന്നതും ലേലത്തുകയിലും ക്വട്ടേഷൻ തുകയിലും ഏതാണോ വലിയ തുക ആ തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതും ബന്ധപ്പെട്ട അധികാരികളുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കൊടുക്കുന്നതുമായിരിക്കും. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന / ക്വട്ടേഷൻ നൽകിയ

ആൾ ലേലസംഖ്യയും 5% ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സും, ലേലത്തുകയും എഫ്.ഡി.ടിയും ചേർന്ന തുകയ്ക്ക് നിലവിലുള്ള ജി.എസ്.ടിയും, 2.5% വരുമാനനികുതിയും അടക്കം ലേലം ഉറപ്പിക്കുമ്പോൾ തന്നെ കെട്ടിവെയ്ക്കേണ്ടതാണ്. (പാൻ കാർഡ് ഇല്ലാത്തവർ 20% വരുമാനനികുതി നൽകേണ്ടതാണ്) .

5. ഡിപ്പാർട്ടുമെന്റിന്റേതല്ലാത്ത കാരണത്താൽ അന്നേ ദിവസം ലേലം നടത്തുവാൻ സാധിക്കാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം മറ്റൊരു നോട്ടീസ് കൂടാതെ ലേലം ചെയ്യുന്നതായിരിക്കും.
6. ലേലം സ്ഥിരപ്പെടുത്തിയ വിവരം രജിസ്റ്റേർഡ് തപാലിൽ അറിയിക്കുന്നതാണ്. രജിസ്റ്റർ ചെയ്ത തീയതി മുതൽ 15 ദിവസത്തിനകം ലേലത്തിൽ പിടിച്ച വസ്തുക്കൾ മുഴുവനും സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്. എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ലേലം കൊണ്ടയാൾക്ക് മാത്രമായിരിക്കും.
7. ലേലം കൊള്ളുന്നയാൾ ലേലത്തുകയുടെ 10% സെക്യൂരിറ്റി തുകയായി ഡിമാൻഡ് ഡ്രാഫ്റ്റ് നൽകുകയും എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരാറിലേർപ്പെടേണ്ടതുമാണ്
8. ലേലം കൊള്ളുന്നയാൾ അടയ്ക്കുന്ന നിരതദ്രവ്യം എല്ലാ ലേലവസ്തുക്കളും സ്ഥലത്തുനിന്നും നീക്കം ചെയ്ത ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
9. ഡിപ്പാർട്ടുമെന്റിൽ ക്വട്ടേഷൻ/ലേലം സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസുമായി ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടേണ്ടതാണ്.
10. ലേലനടപടികൾ കോവിഡ് - 19 പ്രോട്ടോക്കോൾ പാലിച്ച് നടത്തുന്നതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ
കെ.എസ്.ടി.പി. ഡിവിഷൻ,
മൂവാറ്റുപുഴ ഫോൺ - 0485 2831154
(കേരള ഗവർണ്ണർക്കുവേണ്ടി)

മൂവാറ്റുപുഴ
23.02.2022